3
ആഗസ്ത് 2012
വെള്ളി
കോട്ടയം

തേജസ്

ഒറ്റനോട്ടത്തിൽ

ടി പി വധം: സി കെ ശ്രീധരനും കുമാരൻ കുട്ടിയും സ്പെഷ്യൽ പ്രോസിക്യൂട്ടർമാർ

തിരുവനന്തപുരം: ടി പി ചന്ദ്രശേഖരൻ വധക്കേസിൽ സ്പെഷ്യൽ പ്രോസിക്യൂട്ടർമാരായി സി കെ ശ്രീധരനെയും പി കുമാരൻകുട്ടിയെയും നിയമിച്ചു. ആർഎംപി പ്രവർത്തകൻ കൂടിയായ കുമാരൻകുട്ടിയെ സ്പെഷ്യൽ പ്രോസിക്യൂട്ടറാക്കണമെന്ന് ടി പിയുടെ ഭാര്യ രമ നേരത്തേ ആവശ്യപ്പെട്ടിരുന്നു.

നാവികസേനാ മേധാവിയുടെ സഹോദരൻ അസിസ്റ്റന്റ് മേധാവി

ന്യൂഡൽഹി: നാവികസേനാ ചീഫ് അഡ്മിറൽ നിർമൽ വർമയുടെ ഇളയ സഹോദരൻ റിയർ അഡ്മിറൽ ബിമൽകുമാർ വർമയെ സേനയുടെ അസിസ്റ്റന്റ് ചീഫായി നിയമിച്ചു. പ്രതിരോധമന്ത്രാലയത്തിലാണ് നിയമനം. സൗത്ത് ബ്ലോക്കിലെ ഒന്നാംനിലയിലുള്ള നാവികസേനാ മേധാവിയുടെ ഓഫിസിനോട് ചേർന്ന മുറികളിലൊന്നിലാണ് ബിമൽകുമാർ വർമയുടെ ഓഫിസ്. ഒരേ കെട്ടിടസമുച്ചയത്തിൽ സൈന്യത്തിന്റെ ഉന്നത ഓഫിസ് ചുമതല സഹോദരങ്ങൾ വഹിക്കുന്നത് ആദ്യമായാണ്. അഡ്മിറൽ വർമ ആഗസ്ത് 31നാണ് നാവികസേനാ മേധാവി സ്ഥാനത്തുനിന്നു വിരമിക്കുന്നത്.

റെയിൽവേ: ഇന്ത്യയും ബെൽജിയവും കൈകോർക്കുന്നു

ഡൽഹി: റെയിൽവേ സ്റ്റേഷനുകൾ ആധുനികവൽക്കരിക്കുന്നതിനും ആഗോളനിലവാരത്തിലാക്കുന്നതിനും ബെൽജിയം സർക്കാരുമായി ഇന്ത്യൻ റെയിൽവേ കൈകോർക്കുന്നു. ബെൽജിയം ഡപ്യൂട്ടി പ്രധാനമന്ത്രി ഡൈഡർ റൈൻഡേഴ്സും റെയിൽവേ മന്ത്രി മുകുൾ റോയിയും ഇതുസംബന്ധിച്ച ധാരണാപത്രത്തിൽ ഒപ്പുവച്ചു. ധാരണാപത്രപ്രകാരം ഇരുരാജ്യങ്ങളും വിദഗ്ധരായവരെ ഉൾപ്പെടുത്തി പ്രവർത്തകസമിതികൾ രൂപീകരിക്കും. ബെൽജിയം സർക്കാർ കമ്പനികൾക്ക് ആ രാജ്യത്തും പുറത്തും വിപുലമായ പ്രവർത്തനപരിചയമുണ്ടെന്നും റോയ് പറഞ്ഞു.

സംസ്ഥാന ഹജ്ജ് കമ്മിറ്റി രൂപീകരിച്ചു

തിരുവനന്തപുരം: സംസ്ഥാന ഹജ്ജ് കമ്മിറ്റി അംഗങ്ങളായി ഇ ടി മുഹമ്മദ് ബഷീർ എം.പി, മുഹമ്മദുണ്ണി ഹാജി എം.എൽ.എ, സി പി മുഹമ്മദ് എം.എൽ.എ എന്നിവരെയും കോഴിക്കോട് ജില്ലാപഞ്ചായത്ത് അംഗം വി മുഹമ്മദ് മോൻ ഹാജി, മലപ്പുറം ജില്ലാപഞ്ചായത്ത് അംഗം എ കെ അബ്ദുർറഹ്മാൻ, ചെങ്കര ഗ്രാമപ്പഞ്ചായത്ത് അംഗം സി ബി അബ്ദുൽ ഹാജി, കോട്ടുമല ബാപ്പു മുസ്ല്യാർ, അബ്ദുല്ലക്കോയ മദനി, സി പി സൈതലവി മാസ്റ്റർ, ഡോ. ഇ കെ അഹമ്മദ്കുട്ടി, തൊടിയൂർ മുഹമ്മദ് കുഞ്ഞ് മൗലവി, പി പി ഉവൈസ് ഹാജി, വി കെ അലി, ടി കെ സൈതാലിക്കുട്ടി, മലപ്പുറം ജില്ലാ കലക്ടർ എം സി മോഹൻദാസ് എന്നിവരെയും സർക്കാർ നാമനിർദേശം ചെയ്തു.

മുസ്‌ലിംലീഗിനു പങ്കില്ല: കെ പി എ മജീദ്

മലപ്പുറം: കാസർകോഡ് ഡി.വൈ.എഫ്.ഐ പ്രവർത്തകൻ ടി മനോജ് കൊല്ലപ്പെട്ട സംഭവത്തിൽ പാർട്ടിക്കു പങ്കില്ലെന്ന് മുസ്‌ലിംലീഗ് സംസ്ഥാന ജനറൽ സെക്രട്ടറി കെ പി എ മജീദ്. കീക്കാനം പ്രദേശം സി.പി.എമ്മിന്റെ ശക്തികേന്ദ്രമാണ്. പ്രകടനത്തിനിടെ കുഴഞ്ഞുവീണാണു മനോജ് മരിച്ചത്. ഇവിടെ ലീഗ്-സി.പി.എം സംഘർഷം നടന്നിട്ടില്ല. സംഭവവുമായി ലീഗിന് ബന്ധമില്ലെന്നും ഏത് അന്വേഷണവും നേരിടാൻ പാർട്ടി തയ്യാറാണെന്നും അദ്ദേഹം പറഞ്ഞു.

ഉൾപേജുകളിൽ

7 പുനെ സ്ഫോടനം: അന്വേഷണം ക്രൈംബ്രാഞ്ചിന്
9 ഈജിപ്തിൽ പുതിയ മന്ത്രിസഭ
11 ഇന്ത്യക്ക് ഇന്ന് ജയം അനിവാര്യം
4 എഡിറ്റ് പേജിൽ അസഹിഷ്ണുതയുടെ കറുത്ത നിഴലുകൾ

ഒളിംപിക്സ് ബാഡ്മിന്റൺ ക്വാർട്ടർ ഫൈനലിൽ ഇന്ത്യൻ താരം സൈന നെഹ്വാളിന്റെ പ്രകടനം. മികച്ച ജയത്തോടെ സൈന സെമിഫൈനലിൽ ഇടംനേടി (വാർത്ത കളിക്കളം പേജിൽ)

സേവനാവകാശ നിയമം മൂന്നുമാസത്തിനകം നടപ്പാക്കും

തിരുവനന്തപുരം: നിയമസഭ പാസാക്കിയ സേവനാവകാശ നിയമം സമയബന്ധിതമായി നടപ്പാക്കാൻ മന്ത്രിസഭായോഗം തീരുമാനിച്ചു. നിയമം നടപ്പാക്കുന്നതിന് ആറുമാസം സമയമുണ്ടെങ്കിലും മൂന്നുമാസത്തിനുള്ളിൽ നടപ്പാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് മുഖ്യമന്ത്രി ഉമ്മൻചാണ്ടി പറഞ്ഞു. ഇതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ വേഗത്തിലാക്കാൻ ധന, വ്യവസായ, വൈദ്യുതി, റവന്യൂ മന്ത്രിമാർ അംഗങ്ങളായ മന്ത്രിസഭാ ഉപസമിതിയെ ചുമതലപ്പെടുത്തിയതായും മുഖ്യമന്ത്രി അറിയിച്ചു. മന്ത്രിസഭാ യോഗതീരുമാനങ്ങൾ വിശദീകരിക്കുകയായിരുന്നു അദ്ദേഹം.

ഏതെല്ലാം വകുപ്പുകളിലെ എന്തെല്ലാം സേവനങ്ങൾ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരണമെന്നതും സേവനം നൽകേണ്ട സമയപരിധി, സേവനം ലഭ്യമാക്കിയില്ലെങ്കിൽ നൽകേണ്ട പിഴ തുടങ്ങിയവ സംബന്ധിച്ചും എല്ലാ വകുപ്പു സെക്രട്ടറിമാരുമായും വകുപ്പു തലവന്മാരുമായും ആലോചിച്ച് ഒരുമാസത്തിനകം വിശദമായ റിപോർട്ട് സമർപ്പിക്കാൻ യോഗം ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തി. ചീഫ് സെക്രട്ടറിയുടെ റിപോർട്ട് മന്ത്രിസഭാ ഉപസമിതി പരിശോധിച്ച് ജീവനക്കാരുടെ സംഘടനകളുമായി ചർച്ച നടത്തിയശേഷമാവും നിയമം നടപ്പാക്കുകയെന്നും മുഖ്യമന്ത്രി പറഞ്ഞു. നിയമത്തിൽ പറയുന്ന ഒന്നും രണ്ടും അപ്പീൽ അധികാരികളുടേത് രാഷ്ട്രീയ നിയമനം ആയിരിക്കില്ലെന്നും സർക്കാർ ഉദ്യോഗസ്ഥരോ ജുഡീഷ്യറിയിൽ നിന്നുള്ളവരോ ആയിരിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

എൻ.സി.സി കാഡറ്റുകൾക്ക് നൽകുന്നതിനു സമാനമായ നിലയിൽ സ്റ്റുഡന്റ് പോലിസ് കാഡറ്റുകൾക്ക് ഗ്രേസ് മാർക്ക് അനുവദിക്കാനും മന്ത്രിസഭ തീരുമാനിച്ചു. എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടുന്ന കുട്ടികൾക്ക് 10 ശതമാനവും എ ഗ്രേഡ് നേടുന്നവർക്ക് ഏഴുശതമാനവും ബി ഗ്രേഡുകാർക്ക് അഞ്ചു ശതമാനവും ഗ്രേസ് മാർക്ക് നൽകും. ഭൂമി ഏറ്റെടുക്കലിനുവേണ്ടി രൂപീകരിച്ച പ്രത്യേക യൂനിറ്റുകളിലെ ജീവനക്കാർക്ക് ശമ്പളം ലഭിക്കുന്നില്ലെന്ന പരാതിയുടെ അടിസ്ഥാനത്തിൽ ഇവയുടെ കാലാവധി മൂന്നുമാസത്തേക്ക് കൂടി നീട്ടി. ഓരോ യൂനിറ്റിന്റെയും ആവശ്യകത അനുസരിച്ച് ഇതുസംബന്ധിച്ച നിർദേശം മന്ത്രിസഭയുടെ പരിഗണനയ്ക്കു കൊണ്ടുവരാൻ റവന്യൂമന്ത്രിയെ ചുമതലപ്പെടുത്തി.

- നടപടികൾ വേഗത്തിലാക്കാൻ മന്ത്രിസഭാ ഉപസമിതി
- സ്റ്റുഡന്റ് കാഡറ്റ് പോലിസിന് ഗ്രേസ്മാർക്ക്

ഫസൽ വധം: കാരായിമാരുടെ ജാമ്യാപേക്ഷ തള്ളി

കൊച്ചി: ഫസൽ വധക്കേസിൽ സി.പി.എം നേതാക്കളുടെ ജാമ്യാപേക്ഷ കോടതി തള്ളി. സി.പി.എം കണ്ണൂർ ജില്ലാ സെക്രട്ടേറിയറ്റംഗം കാരായി രാജൻ, തിരുവങ്ങാട് ലോക്കൽ സെക്രട്ടറി കാരായി ചന്ദ്രശേഖരൻ തുടങ്ങിയവരുടെ ജാമ്യാപേക്ഷയാണ് എറണാകുളം പ്രിൻസിപ്പൽ സെഷൻസ് ജഡ്ജി എ ഹരിപ്രസാദ് തള്ളിയത്.

പ്രതികൾ ക്രിമിനൽ ഗൂഢാലോചനയുടെ ശിൽപ്പികളാണെന്നും ജാമ്യം അനുവദിക്കാനാവില്ലെന്നും കോടതി ഉത്തരവിൽ വ്യക്തമാക്കി.

പ്രതികൾക്കു ജാമ്യം അനുവദിക്കുന്നതിന് അനുകൂലമായ വസ്തുതകൾ കേസ് ഡയറിയിലില്ലെന്നും ഉത്തരവിൽ പറയുന്നു. കൃത്യം നടന്നതിൽ ഇരുവരുടെയും നേതൃപരമായ പങ്ക് വ്യക്തമാണ്. കേസിൽ അന്വേഷണം തുടരുകയാണെന്നും ജാമ്യം അനുവദിച്ചാൽ അത് അന്വേഷണത്തെ ബാധിക്കുമെന്നുമുള്ള സി.ബി.ഐ വാദം കോടതി അംഗീകരിച്ചു.

ഹർത്താൽ; പരക്കെ അക്രമം

- കാസർകോട്ട് സി.പി.എം പ്രവർത്തകൻ തലയ്ക്കടിയേറ്റ് മരിച്ചു
- കോൺഗ്രസ്- ലീഗ് പാർട്ടി ഓഫിസുകൾ വ്യാപകമായി തകർത്തു
- വടക്കൻ ജില്ലകളിൽ വൻതോതിൽ അക്രമം
- കാസർകോഡ് ജില്ലയിൽ ഇന്ന് എൽ.ഡി.എഫ് ഹർത്താൽ

തിരുവനന്തപുരം: ഷുക്കൂർ വധക്കേസിൽ പി ജയരാജനെ അറസ്റ്റ് ചെയ്തതിൽ പ്രതിഷേധിച്ചു സി.പി.എം ആഹ്വാനം ചെയ്ത ഹർത്താലിൽ സംസ്ഥാനത്ത് പരക്കെ അക്രമം. വടക്കൻ ജില്ലകളിലാണ് വൻതോതിൽ അക്രമസംഭവങ്ങൾ അരങ്ങേറിയത്. കോൺഗ്രസ്-ലീഗ് പാർട്ടി ഓഫിസുകൾ വ്യാപകമായി ആക്രമിക്കപ്പെട്ടു.

സംസ്ഥാനത്ത് 200ഓളം അക്രമസംഭവങ്ങൾ റിപോർട്ട് ചെയ്തതായി ആഭ്യന്തരമന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞു. 20 പോലിസ് സ്റ്റേഷനുകൾക്കു നേരെ നടന്ന ആക്രമണത്തിൽ 72 പോലിസ് ഉദ്യോഗസ്ഥർക്കു പരിക്കേറ്റു. കോൺഗ്രസ്സിന്റെ 80 ഓഫിസുകളും മുസ്‌ലിംലീഗിന്റെ 18 ഓഫിസുകളും അടിച്ചുതകർത്തു. പോലിസ് വാഹനങ്ങളും കെ.എസ്.ആർ.ടി.സി ബസ്സുകളും ഉൾപ്പെടെ 25ഓളം സർക്കാർ വാഹനങ്ങൾക്കു നാശനഷ്ടമുണ്ടായതായും മന്ത്രി അറിയിച്ചു.

കാസർകോഡ് ഉദുമയിൽ ഡി.വൈ.എഫ്.ഐ പ്രവർത്തകൻ സംഘർഷത്തിനിടെ മരിച്ചു. സി.പി.എം കീക്കാനം ബ്രാഞ്ച് കമ്മിറ്റിയംഗവും ഡി.വൈ.എഫ്.ഐ കീക്കാനം യൂനിറ്റ് പ്രസിഡന്റുമായ ആലിങ്കൽ തൊട്ടിയിലെ മനോജ് (28) ആണ് മരിച്ചത്. പ്രകടനത്തിൽ പങ്കെടുത്ത് വീട്ടിലേക്ക് നടന്നുപോവുമ്പോൾ തച്ചങ്ങാട്ടു വച്ച് ബൈക്കുകളിലെത്തിയ ഒരുസംഘം ലീഗ് പ്രവർത്തകർ തലയ്ക്കടിച്ച് കൊലപ്പെടുത്തുകയായിരുന്നുവെന്ന് സി.പി.എം ആരോപിച്ചു. ഇതേത്തുടർന്ന് ജില്ലയിൽ സി.പി.എം ഇന്നു ഹർത്താൽ പ്രഖ്യാപിച്ചു.

സി.പി.എം അമ്പങ്കാനം ലോക്കൽസെക്രട്ടറി കരുണാകര (48)നെ പരിക്കുകളോടെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. കാസർകോട്ട് പോലിസ് ജീപ്പ് എറിഞ്ഞുതകർത്തു. ഇതേത്തുടർന്ന് പോലിസ് രണ്ടുതവണ കണ്ണീർവാതകം പ്രയോഗിച്ചു. നേതാക്കളടക്കം നിരവധി പേരെ അറസ്റ്റ് ചെയ്തു. കാഞ്ഞങ്ങാട്ട് ഹർത്താൽ അനുകൂലികൾ പോലിസ് ബസ് എറിഞ്ഞുതകർത്തു.

തൃക്കരിപ്പൂർ ചന്തേര മുഹ്യുദ്ദീൻ ജുമാമസ്ജിദിന് നേരെ കല്ലേറുണ്ടായി. പള്ളിപ്പരിസരത്തുണ്ടായിരുന്ന 13കാരന് ഗുരുതരമായി പരിക്കേറ്റു. പാലക്കാട് വടക്കഞ്ചേരി മംഗലത്ത് പ്രകടനത്തിനിടെ സി.പി.എം പ്രവർത്തകൻ അഞ്ചു മൂർത്തി മംഗലം സ്വദേശി ഷൺമുഖൻ കുഴഞ്ഞുവീണ് മരിച്ചു.

മനോജ്

തിരുവനന്തപുരത്ത് വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം ഹർത്താൽ അനുകൂലികൾ അടിച്ചുതകർത്തു. കാട്ടാക്കടയിൽ കെ.എസ്.ആർ.ടി.സി സ്റ്റേഷൻ മാസ്റ്ററുടെ മുറി അടിച്ചുതകർത്തു.

കണ്ണൂരിൽ ഇരുചക്രവാഹനങ്ങൾ ഉൾപ്പെടെയുള്ളവയെ ഹർത്താലനുകൂലികൾ തടഞ്ഞു. സംഘർഷാവസ്ഥ കണക്കിലെടുത്ത് രണ്ടു യൂനിറ്റ് റാപിഡ് ആക്ഷൻ ഫോഴ്സ് കണ്ണൂരിലെത്തി. എന്നാൽ, സേനയെ എവിടെയും വിന്യസിച്ചിട്ടില്ല.

അക്രമസംഭവങ്ങളുമായി ബന്ധപ്പെട്ട് 10 സി.പി.എം പ്രവർത്തകരെ ടൗൺ പോലിസ് അറസ്റ്റ് ചെയ്തു. പയ്യന്നൂർ, കൂത്തുപറമ്പ്, ചാല, കോയ്യോട്, തളിപ്പറമ്പ്, എടക്കാട്, ധർമടം, പിണറായി, ചെമ്പിലോട് ഭാഗങ്ങളിൽ കോൺഗ്രസ്, മുസ്‌ലിംലീഗ് ഓഫിസുകൾ വ്യാപകമായി ആക്രമിക്കപ്പെട്ടു.

ആലപ്പുഴയിൽ ബൈക്കിലെത്തിയ സി.പി.എം സംഘം ഡി സി.സി ഓഫീസ് അടിച്ചു തകർത്തു. ഡി.സി.സി പ്രസിഡന്റ് എ എ ഷുക്കൂറിന്റേതുൾപ്പടെയുള്ള വാഹനങ്ങൾ നശിപ്പിച്ചു. ഇന്ദിരാഗാന്ധി, ആർ ശങ്കർ, തച്ചടി പ്രഭാകരൻ, എൻ മോഹൻകുമാർ എന്നിവരുടെ ചിത്രങ്ങൾ തല്ലിത്തകർത്തു. ചെട്ടികുളങ്ങര കടവൂരിൽ ആർ.എസ്.എസ് മണ്ഡലം കാര്യവാഹക് തറയിൽ മഹേഷിന് വെട്ടേറ്റു.

തൊടുപുഴയിലെ *മാതൃഭൂമി* ജില്ലാ ബ്യൂറോയിൽ അതിക്രമിച്ചു കടന്നവർ ലേഖകൻ വേണുഗോപാലിനെ കൈയേറ്റം ചെയ്തു.

കൂത്തുപറമ്പ് ആറങ്ങാട്ടേരിയിലെ കോൺഗ്രസ് ഓഫിസായ ഇന്ദിരാഭവന് ചുവന്ന പെയിന്റടിച്ച് അരിവാൾ ചുറ്റിക വരച്ചപ്പോൾ

കേസെടുക്കും: ഉമ്മൻചാണ്ടി

തിരുവനന്തപുരം: ഹർത്താലിന്റെ മറവിൽ സംസ്ഥാനത്തു നടന്ന അക്രമസംഭങ്ങളുടെ പേരിൽ കേസെടുക്കുമെന്ന് മുഖ്യമന്ത്രി ഉമ്മൻചാണ്ടി. മന്ത്രിസഭാ യോഗതീരുമാനങ്ങൾ വിശദീകരിക്കവെ മാധ്യമപ്രവർത്തകരോട് പ്രതികരിക്കുകയായിരുന്നു അദ്ദേഹം.

അക്രമങ്ങളുമായി ബന്ധപ്പെട്ട് സർക്കാരിനും നിരവധി പരാതികൾ ലഭിച്ചിട്ടുണ്ട്. അക്രമം നടത്തിയത് സാമൂഹിക വിരുദ്ധരാണെന്ന എം എ ബേബിയുടെ പ്രസ്താവന ചൂണ്ടിക്കാട്ടിയപ്പോൾ, അക്രമം നടത്തിയവരുടെ ദൃശ്യങ്ങളും റിക്കാർഡ് ചെയ്തിട്ടുണ്ടെന്നായിരുന്നു മറുപടി.ഷുക്കൂർ കേസിൽ തെളിവു കണ്ടെത്താനായ പോലിസിന് ഈ അക്രമങ്ങളിലും തെളിവു കണ്ടെത്താനാവും. ഒരു നേതാവിന്റെയും എം.എൽ.എയുടെയും ഫോൺ ചോർത്തിയിട്ടില്ല. കേസിൽ പ്രതിയാവുമെന്ന് സംശയിക്കുന്നയാളുടെ ഫോണാണ് ചോർത്തിയത്. അങ്ങനെ ചോർത്താൻ പോലിസിന് അവകാശമുണ്ട്- ഉമ്മൻചാണ്ടി പറഞ്ഞു.

ജയരാജന്റെ ജാമ്യാപേക്ഷ ഇന്നു പരിഗണിക്കും

കണ്ണൂർ: ഷുക്കൂർ വധക്കേസിൽ കണ്ണൂർ സെൻട്രൽ ജയിലിൽ റിമാന്റിൽ കഴിയുന്ന സി.പി.എം കണ്ണൂർ ജില്ലാ സെക്രട്ടറി പി ജയരാജന്റെ ജാമ്യാപേക്ഷ കോടതി ഇന്നു പരിഗണിക്കും.

കേസിൽ 38ാം പ്രതിയായ ജയരാജനുവേണ്ടി ഇന്നലെ കണ്ണൂർ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി(ഒന്ന്)യിൽ അഡ്വ. ബി പി ശശീന്ദ്രൻ മുഖേനയാണു ജാമ്യാപേക്ഷ നൽകിയത്. കേസിൽ നിയമിക്കപ്പെട്ട സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർ അഡ്വ. സി കെ ശ്രീധരൻ, തനിക്കു കേസിനെക്കുറിച്ചു കൂടുതൽ പഠിക്കാനുണ്ടെന്ന് കോടതിയെ അറിയിച്ചതിനെ തുടർന്നാണ് മജിസ്ട്രേറ്റ് സി മുജീബുർറഹ്മാൻ ജാമ്യാപേക്ഷ പരിഗണിക്കുന്നത് ഇന്നത്തേക്കു മാറ്റിയത്. എന്നാൽ, കേസിൽ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറാക്കി നിയമിച്ചതെന്നും സി.പി.എം കുറ്റപ്പെടുത്തി.

പ്രതിഭാഗം വക്കീലിന് നോ പബ്ലിക് പ്രോസിക്യൂട്ടറുടെ മറുപടി.

- സി കെ ശ്രീധരൻ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർ

അതേസമയം, ജയരാജനെതിരായ കേസ് രാഷ്ട്രീയപ്രേരിതമാണെന്ന വാദം കൂടുതൽ വെളിച്ചത്തുവന്നതായും ഇതിന്റെ ഏറ്റവും ഒടുവിലത്തെ ഉദാഹരണമാണ് കെ.പി.സി.സി എക്സിക്യൂട്ടീവ് കമ്മിറ്റി അംഗമായ അഡ്വ. സി കെ ശ്രീധരനെ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറാക്കി നിയമിച്ചതിനും സി.പി.എം കുറ്റപ്പെടുത്തി.

ട്വീസ് പോലും നൽകാതെയാണു സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറാക്കി നിയമിച്ചത്. കേസിനു പിന്നിൽ വൻ ഗൂഢാലോചനയാണു നടന്നതെന്നും എം വി ജയരാജൻ ആരോപിച്ചു.

ഷുക്കൂർ വധം: ടി വി രാജേഷ് മുൻകൂർ ജാമ്യാപേക്ഷ നൽകി

കൊച്ചി: ഷുക്കൂർ വധക്കേസിൽ പ്രതി ചേർക്കപ്പെട്ട ടി വി രാജേഷ് എം.എൽ.എ ഹൈക്കോടതിയിൽ മുൻകൂർ ജാമ്യാപേക്ഷ നൽകി. രാഷ്ട്രീയപ്രേരിതമായാണ് തന്നെ അന്വേഷണസംഘം അന്യായമായി പ്രതി ചേർത്തിരിക്കുന്നതെന്നും കുറ്റകൃത്യവുമായി ഒരു ബന്ധവുമില്ലെന്നും രാജേഷ് ഹരജിയിൽ ചൂണ്ടിക്കാട്ടി.

ഹരജിയിൽ സർക്കാരിനോട് വിശദീകരണം തേടിയ ജസ്റ്റിസ് എൻ കെ ബാലകൃഷ്ണൻ, കേസ് ഈ മാസം ഒമ്പതിലേക്ക് മാറ്റിവച്ച് ഉത്തരവിട്ടു.

പോലിസിനെതിരായ അക്രമം തടയാൻ നിയമഭേദഗതി: ആഭ്യന്തരമന്ത്രി

തിരുവനന്തപുരം: കേസന്വേഷിക്കുന്ന പോലിസ് ഉദ്യോഗസ്ഥർക്കെതിരായ ആക്രമണം തടയുന്നതിന് നിയമഭേദഗതി കൊണ്ടുവരുമെന്ന് ആഭ്യന്തരമന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ. ഇത്തരം അക്രമം നടത്തുന്നവർക്ക് ഏഴുവർഷം വരെ തടവുശിക്ഷ ലഭിക്കാവുന്ന തരത്തിൽ ഇന്ത്യൻ ശിക്ഷാനിയമത്തിൽ 353-എ വകുപ്പ് കൂട്ടിച്ചേർക്കുന്നകാര്യം സർക്കാർ അടിയന്തരമായി പരിഗണിക്കും.

കേസന്വേഷിക്കുന്ന പോലിസ് ഉദ്യോഗസ്ഥരെ ഭീഷണിപ്പെടുത്തുകയും അവരുടെ കുടുംബാംഗങ്ങളെ ആക്രമിക്കുകയും ചെയ്യുന്നവർക്കെതിരേ ശക്തമായ നടപടി സ്വീകരിക്കും. കൃത്യനിർവഹണത്തിൽ ഏർപ്പെടുന്ന മാധ്യമപ്രവർത്തകർക്കും സിവിൽ സർവീസ് ഉദ്യോഗസ്ഥർക്കും നിയമം മൂലം പരിരക്ഷ നൽകുമെന്നും ആഭ്യന്തരമന്ത്രി വാർത്താസമ്മേളനത്തിൽ അറിയിച്ചു.

- ഏഴുവർഷം തടവു ലഭിക്കാവുന്ന കുറ്റമാക്കും

ഔദ്യോഗിക കൃത്യനിർവഹണത്തിന്റെ ഭാഗമായി നിയമാനുസൃതമുള്ള ചുമതലകൾ നിർവഹിക്കുന്ന ഉദ്യോഗസ്ഥന്റെയോ കുടുംബാംഗങ്ങളുടെയോ വസ്തുവകകൾക്കു നാശനഷ്ടം വരുത്തുന്നവർക്ക് ഏഴുവർഷം വരെ തടവുശിക്ഷ ലഭിക്കാവുന്നവിധം 353- ബി എന്ന മറ്റൊരു വകുപ്പും ഇന്ത്യൻ ശിക്ഷാനിയമത്തിൽ കൂട്ടിച്ചേർക്കും. ഇത്തരത്തിൽ ഔദ്യോഗിക കൃത്യനിർവഹണം നടത്തുന്നതിനിടെ പരിക്കേൽക്കുകയോ വസ്തുവകകൾക്കു നാശനഷ്ടം വരുകയോ ചെയ്യുന്നപക്ഷം അർഹമായ നഷ്ടപരിഹാരം ഉറപ്പാക്കുന്നതിനു നിയമത്തിൽ വ്യവസ്ഥ ചെയ്യുമെന്നും ആഭ്യന്തരമന്ത്രി വ്യക്തമാക്കി.

കേസ് അന്വേഷിച്ചതിന്റെ പ്രതികാരം തീർക്കാൻ പോലിസ് ഉദ്യോഗസ്ഥർക്കെതിരേ നടക്കുന്ന അക്രമങ്ങൾ തടയാൻ ആവശ്യമെങ്കിൽ പുതിയ നിയമം കൊണ്ടുവരുമെന്ന് മുഖ്യമന്ത്രി ഉമ്മൻചാണ്ടിയും അറിയിച്ചു. മന്ത്രിസഭാ യോഗതീരുമാനങ്ങൾ വിശദീകരിക്കവെ മാധ്യമപ്രവർത്തകരുടെ ചോദ്യങ്ങളോട് പ്രതികരിക്കുകയായിരുന്നു അദ്ദേഹം.

പോലിസ് ഉദ്യോഗസ്ഥന്റെ വീട് ആക്രമിക്കുന്നതും കുടുംബാംഗങ്ങളെ ഭീഷണിപ്പെടുത്തുന്നതും കൃഷിയിടങ്ങൾ നശിപ്പിക്കുന്നതും സർക്കാർ ഗൗരവമായാണു കാണുന്നത്. പ്രതികാരം തീർക്കാൻ ഉദ്യോഗസ്ഥന്റെ വീട് ആക്രമിക്കുന്നത് കേരളത്തിൽ ആദ്യമാണ്. ഇത് അംഗീകരിക്കാനാവില്ല.

ഇത്തരം അപകടകരമായ രീതിക്കെതിരേ ശക്തമായ നിയമനടപടിയെടുക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.